**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2138** **11-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണപ്പട്ടിക പുതുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ സി ആർ മഹേഷ്** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മരണപ്പട്ടിക സമഗ്രമായി പരിഷ്കരിക്കുന്നതിന് സംസ്ഥാനം നിലവിലുള്ള മാർഗ്ഗരേഖ പുതുക്കിയിട്ടുണ്ടോ; കോവിഡ് ബാധിച്ച് മരിച്ചവരുടെ ലിസ്റ്റ് പുതുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ; | (എ) | ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയുണ്ടായി. ഇത് പ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റ് മോളികുലർ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റ് പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ആണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. വീടുകളിലോ ആശുപത്രികളിലോ മരണപെട്ടതും, എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് 19 മരണം എന്ന് രേഖപ്പെടുത്തിയ മരണങ്ങളെ കോവിഡ് 19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ച് ഇതിനു പരിഹാരം കണ്ടെത്തണമെന്നുമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവൈലൻസ് ഓഫീസർ(നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതികൾ ലഭിച്ച് മുപ്പതു ദിവസത്തിനകം ഇതിനു തീർപ്പ് കൽപ്പിക്കുന്നതാണ്. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ ജൂൺ മാസത്തിനു മുമ്പ് (ജൂൺ 2021) ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങൾ പരിശോധിച്ച് ചേർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കോവിഡ് മരണപ്പട്ടികയിൽ നിന്നും ഒഴിവാക്കിയ എണ്ണായിരത്തിലേറെ മരണങ്ങൾ കൂടി ഔദ്യോഗിക പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയുണ്ടായി. ഇത് പ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റു മോളികുലർ പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റു പരിശോധനകൾ വഴി രോഗം സ്ഥിരീകരിച്ചവരെയോ ആണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. വീടുകളിലോ ആശുപത്രികളിലോ മരണപെട്ടതും, എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് 19 മരണം എന്ന് രേഖപ്പെടുത്തിയ മരണങ്ങളെ കോവിഡ് 19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ / കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് - 19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ |

| | | | |
|---|---|---|---|
| | | | 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29/09/2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചു ഇതിനു പരിഹാരം കണ്ടെത്തണമെന്നുമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവ്വൈലൻസ് ഓഫീസർ(നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതികൾ ലഭിച്ചു മുപ്പതു ദിവസത്തിനകം ഇതിനു തീർപ്പ് കൽപ്പിക്കുന്നതാണ്. മരണം ഓൺലൈനായി റിപ്പോർട്ട് ചെയ്യുവാൻ തുടങ്ങിയ ജൂൺ മാസത്തിനു മുമ്പ് (ജൂൺ 2021) ഏതെങ്കിലും രേഖകളുടെയും മറ്റും അഭാവത്തിൽ കോവിഡ് പട്ടികയിൽ ഉൾപ്പെടാതെ പോയ മരണങ്ങൾ പരിശോധിച്ച് ചേർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരത്തിന് അപേക്ഷിക്കാൻ എന്തൊക്കെ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപന ചെയ്ത റിലീഫ് പോർട്ടൽ ഭേദഗതിയോടെ അംഗീകരിക്കുകയും ടി പോർട്ടൽ വഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി |

| | | | |
|---|---|---|---|
| | | | ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്. |
| (ഡി) | രോഗിയായിരിക്കെ ആത്മഹത്യ ചെയ്തവരേയും പോസിറ്റീവായി മുപ്പത് ദിവസത്തിനുള്ളിൽ മരണപ്പെട്ടവരെയും കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്ന കേന്ദ്ര നിർദ്ദേശം പാലിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | രോഗിയായിരിക്കെ ആത്മഹത്യ ചെയ്തവരെ കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നത് സംബന്ധിച്ച കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടില്ല. ഇന്ത്യാ ഗവൺമെന്റിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ